# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 03 | 2018 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### സന്നിധാനത്തെ ഹോട്ടൽ ജീവനക്കാർക്ക് രാത്രികാല രക്തപരിശോധന നടത്തി

ശബരിമല: സന്നിധാനത്തെ എല്ലാ ഹോട്ടലുകളിലേയും തൊഴിലാളികൾക്ക് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രോഗം നിർണയത്തിനുള്ള രാത്രികാല രക്തപരിശോധന നടത്തി. ആകെയുള്ള 588 തൊഴിലാളികളിൽ 325പേർ ഇതരസംസ്ഥാനക്കാരും 263പേർ മലയാളികളുമാണ്. മലേറിയ, മന്ത് തുടങ്ങിയ രോഗങ്ങൾ കൂടുതലായി ക ുവരുന്നത് ഇതരസംസ്ഥാന തൊഴിലാളികളിലായതിനാലാണ് രക്തപരിശോധന നടത്തിയത്. നേരത്തെ 262 പേരുടെ രക്തം പരിശോധിച്ചിരുന്നുവെങ്കിലും ആർക്കും രോഗബാധ ക ത്തിയിരുന്നില്ല.

രാത്രി എട്ടുമണിയ്ക്കുശേഷം ശേഖരിക്കുന്ന രക്തം പരിശോധിക്കുന്നതിലൂടെ മാത്രമേ മന്ത്രോഗം നിർണിയിക്കുവാൻ കഴിയൂവെന്നതിനാലാണ് രാത്രിയിൽ രക്തപരിശോധന നടത്തുന്നത്. സന്നിധാനത്തെ സർക്കാർആശുപത്രിയിൽ മന്ത്രോഗം നിർണയിക്കുന്നതിനുള്ള സംവിധാനവും മലേറിയ പരിശോധിക്കുന്നതിനുള്ള പ്രത്യേക

കിറ്റുമു ്. കിറ്റ് ഉപയോഗിച്ച് നടത്തുന്ന പരിശോധനയുടെ ഫലം അപ്പോൾതന്നെ അറിയാം.

(പി.ആർ. ശബരി-206)

## <u>മലകയറുമ്പോൾ വിശ്രമംപ്രധാനം</u>

ശബരിമല: ശബരിമല തീർഥാടനത്തിനെത്തുന്നവർ മലകയറുമ്പോൾ ഇടയ്ക്ക് വിശ്രമിക്കുവാൻ ശ്രദ്ധിക്കണം. അസ്വസ്ഥതയു ാകുന്ന രീതിയിൽ ഹൃദയമിടിപ്പ് അനുഭവപ്പെടുകയാണെങ്കിൽ വിശ്രമിച്ചശേഷംമാത്രം യാത്ര തുടരുക. പമ്പമുതൽ സന്നിധാനംവരെ 14 എമർജൻസി സെന്ററുകൾ സജ്ജമാക്കിയിട്ടു ്. ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന തീർഥാടകർ ഉടൻ വൈദ്യസഹായം തേടണം. അമിതഭാരം വഹിച്ചും അമിതമായി ഭക്ഷണം കഴിച്ചശേഷവും മലകയറുന്നത് ഒഴിവാക്കുന്നത് നല്ലതാണ്. രോഗങ്ങളുള്ള തീർഥാടകർ മലയകയറുന്നതിനുമുൻപ് പമ്പാ സർക്കാർആശുപത്രിയിൽ പരിശോധന നടത്തുന്നത് ഉചിതമായിരിക്കും. സന്നിധാനത്തെ സർക്കാർആശുപത്രിയിലും സഹസ് കാർഡിയോളജിസെന്ററിലും തീർഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടു ്. തീവ്രപരിചരണവിഭാഗം, ആംബുലൻസ്സേവനം എന്നിവയും ലഭ്യമാണ്. സഹസ് കാർഡിയോളജിസെന്ററിന്റെ ആഭ്യമുഖ്യത്തിൽ സോപാനത്ത് പ്രത്യേക യൂണിറ്റും പ്രവർത്തിക്കുന്നു ്.

(പി.ആർ. ശബരി-207)

## <u>പ്രതിരോധപരിപാടികൾ ഊർജിതപ്പെടുത്തി പൊതുജനാരോഗ്യവകുപ്പ്</u>

ശബരിമല: പൊതുജനാരോഗ്യവകുപ്പ് സന്നിധാനത്തെ പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കി. എല്ലാദിവസവും കൂത്താടികളുടെ നശീകരണത്തിനായി ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ചുമതലയിൽ മരക്കൂട്ടം മുതൽ സന്നിധാനംവരെയുള്ള കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിലെ വെള്ളത്തിൽ സ്പ്രേയിങ് നടത്തും. വൈകുന്നേരങ്ങളിൽ കൊതുക്നശീകരണത്തിനായി ഫോ

മിങ്ങും നടത്തും. സന്നിധാനത്തെ ഡിസ്പെൻസറികളുമായി ബന്ധപ്പെട്ട് പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പ്രതിരോധപ്രവർത്തനങ്ങൾ നടത്തും. മരക്കൂട്ടം മുതൽ സന്നിധാനംവരെയുള്ള ഹോട്ടലുകളിൽ പരിശോധനകൾ നടത്തി. ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ കീഴിലുള്ള വിശുദ്ധിസേനാംഗങ്ങളെ ഉപയോഗിച്ച് ബ്ലീച്ചിങ് പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുന്നു ്. ഹെൽത്ത് ഇൻസ്പെക്ടർമാരായ ടി.ആർ. മണിലാൽ, ഐ. ഷറഫുദ്ദീൻ എന്നിവരാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

(പി.ആർ. ശബരി–208)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 03 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## ശബരിമലയിൽ തീർഥാടകരുടെ തിരക്ക് വർധിക്കുന്നു

ശബരിമല: സന്നിധാനത്ത് തീർഥാടകരുടെ എണ്ണത്തിൽ വൻവർധനവ്. കഴിഞ്ഞ മൂന്നുദിവസങ്ങളായി പ്രതിദിനം 65000ത്തിന് മുകളിൽ തീർഥാടകർ ദർശനത്തിനെത്തുന്നതായി പോലീസ് സ്പെഷ്യൽഓഫീസർ ആർ. കറുപ്പുസ്വാമി ഐ.പി.എസ്. പറഞ്ഞു. സന്നിധാനത്ത് ഇപ്പോൾ ചുമതലയിലുള്ള പോലിസ് സേനംഗങ്ങൾ ഡിസംബർ 15വരെ തുടരും. 16ന് പുതിയബാച്ച് പോലിസ് ചുമതലയേൽക്കും. തീർഥാടക സൗഹൃദമായ അന്തരീക്ഷമാണ് സന്നിധാനത്തും പരിസരത്തുമുള്ളത്. പോലിസും ദേവസ്വംബോർഡും വിവിധസർക്കാർ വകുപ്പുകളും തീർഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സന്നിധാനത്തും പരിസരത്തും ഏർപ്പെടുത്തിയിട്ടു ്.

(പി.ആർ. ശബരി-209)

## യോഗം ഇന്ന് (നാലിന്)

ശബരിമല: ശബരിമല മണ്ഡലമകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്ന

തിന് ഹൈക്കോടതി നിയോഗിച്ച പ്രതിനിധികളുടെ സാന്നിധ്യത്തിൽ ഇന്ന് ഉച്ചയ്ക്ക് 2.30ന് സന്നിധാനത്ത് യോഗം ചേരും.

(പി.ആർ. ശബരി-210)

## അഡ്വ. പാറവിള എൻ. വിജയകുമാർ തിരുവിതാംകൂർ ദേവസ്വംബോർഡിലെ പുതിയ അംഗം

ശബരിമല: തിരുവിതാംകൂർ ദേവസ്വംബോർഡിലെ പുതിയ അംഗമായി അഡ്വ. പാറവിള എൻ. വിജയകുമാർ തിരഞ്ഞെടുക്കപ്പെട്ടു. നിയമസഭയിലെ 76 ഹിന്ദു എം.എൽ.എമാരിൽ 72പേർ പങ്കെടുത്ത വോട്ടെടുപ്പിൽ 61 വോട്ടുകൾ നേടിയാണ് അഡ്വ. പാറവിള എൻ. വിജയകുമാർ ബോർഡംഗമായത്. സെക്രട്ടറിയേറ്റിലെ അഡിഷ്ണൽ സെക്രട്ടറിയായി വിരമിച്ച അദ്ദേഹം സംസ്ഥാന വിവരാവകാശ കമ്മിഷൻ സെക്രട്ടറി, തിരുവനന്തപുരം കാർഷിക ഗ്രാമവികസനബാങ്ക് ഡയറക്ടർ എന്നീ പദവികളും വഹിച്ചിട്ടു ്. ഭാര്യ റീജതങ്കച്ചി കുടുംബകോടതിയിൽ ശിരസ്ദാരാണ്. മക്കൾ: അഞ്ജനാവിജയൻ, ആഷ്നാവിജയൻ. തിരുവനന്തപുരം പാച്ചല്ലൂർ സ്വദേശിയായ അദ്ദേഹം ഇന്നലെ(ഡിസംബർ 3ന്) തിരുവനന്തപുരം നന്ദൻകോടുള്ള ദേവസ്വംബോർഡ് ആസ്ഥാനത്ത് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

(പി.ആർ. ശബരി-211)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ഡിസംബർ | |
| --- | --- |
| **DECEMBER 03** | **2018** |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## തീർഥാടക സൗഹൃദ വ്യാപാരം ഉറപ്പാക്കാൻ സ്ക്വാഡുകൾ

ശബരിമല: ശബരിമലയിൽ തീർഥാടക സൗഹൃദവ്യാപാരം ഉറപ്പുവരുത്താൻ ഡ്യൂട്ടിമജിസ്ട്രേറ്റിന്റെ ചുമതലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ര ് സ്ക്വാഡുകളാണുള്ളത്. ഭക്ഷണസാധനങ്ങളുടെ വില, ഗുണനിലവാരം, പരിസരശുചിത്വം തുടങ്ങിയ കാര്യങ്ങൾ സ്ക്വാഡുകൾ പ്രത്യേകം പരിശോധിക്കുന്നു ്. റവന്യു, ആരോഗ്യം, പോലിസ്, ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണബോർഡ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് സ്ക്വാഡിലുള്ളത്.

സന്നിധാനത്തെ ഹോട്ടലുകളിൽ വിൽക്കുന്ന എല്ലാ ഉത്പന്നങ്ങടേയും വില പത്തനംതിട്ടാ ജില്ലാകളക്ടർ നിശ്ചയിച്ച് നൽകിയിട്ടു ്. ഈ വിലവിവരപ്പട്ടിക ഹോട്ടലുകളിൽ പ്രദർശിപ്പിച്ചിട്ടുെ ന്നും ഇതുപ്രകാരമാണ് വിലയീടാക്കുന്നതെന്നും സക്വാഡുകൾ ഉറപ്പുവരുത്തുന്നു ്. പുകയില ഉൽപ്പന്നങ്ങളുമായി പിടിക്കപ്പെടുന്നവരെ പിന്നീട് സീസൺ കഴിയുന്നതുവരെ സന്നിധാനത്ത് പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി ഡ്യൂട്ടി മജിസ്ട്രേറ്റ് ഉത്തരവ് നൽകുന്നു ്. അനധികൃത കച്ചവടക്കാർക്കെതിരേയും നടപടികൾ സ്വീകരക്കുന്നു ്. ഹോട്ടലുകളെ സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് 04735-202013, എന്ന നമ്പരിലും 18004251125 എന്ന ട്രോൾഫ്രീ നമ്പരിലും തീർഥാടകർക്ക് ബന്ധപ്പെടാം.

(പി.ആർ. ശബരി-212)

## ഇന്ന് (4) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല: ശബരിമലതീർഥാടനത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ ഇന്ന് (4) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നീതി മെഡിക്കൽ സ്റ്റോർ പത്തനംതിട്ട, മാവേലി മെഡിക്കൽ സ്റ്റോർ കോന്നി, മുത്തൂറ്റ് ഹോസ്പിറ്റൽ കോഴഞ്ചേരി, കരുവാറ്റ മെഡിക്കൽസ് അടൂർ, ന്യൂ എക്സൽ മെഡിക്കൽസ് പന്തളം, ജോസ് ആൻഡ് സൺസ് മെഡിക്കൽസ് തിരുവല്ല, സെന്റ് തോമസ് ഡ്രഗ് ഹൗസ് ഇട്ടിയപ്പാറ റാന്നി, നീതി മെഡിക്കൽ സ്റ്റോർ പെരുനാട്.

(പി.ആർ. ശബരി-213)

## ശബരിമല തീർത്ഥാടനം: നിലയ്ക്കലിലെ സൗകര്യങ്ങളിൽ പൂർണ തൃപ്തിയറിയിച്ച് നിരീക്ഷക സമിതി

ശബരിമല: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കലിൽ ഒരുക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ പൂർണ തൃപ്തിയെന്ന് ഹൈക്കോടതി നിയോഗിച്ച ശബരിമല നിരീക്ഷകസമിതി. ജസ്റ്റിസ് പി.ആർ രാമൻ, ജസ്റ്റിസ് എസ്.സിരിജഗൻ, ഡിജിപി എ.ഹേമചന്ദ്രൻ എന്നിവരുൾപ്പെട്ട ഹൈക്കോടതി നിരീക്ഷക സമിതിയാണ് നിലയ്ക്കലെ അടിസ്ഥാന സൗകര്യങ്ങൾ നേരിട്ട് വിലയിരുത്തിയത്. ശബരിമല തീർത്ഥാടനത്തിന്റെ പ്രധാന ഇടത്താവളമായ നിലയ്ക്കൽ ഉൾപ്പെടെ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടുെ ന്നും സമിതി വിലയിരുത്തി.

ഉച്ചയോടെ എത്തിയ സമിതി നിലയ്ക്കൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വിലയിരുത്തി. പുതുതായി നിർമ്മിച്ച വിരി വയ്ക്കാനുള്ള ഷെഡ്, നിലയ്ക്കലെ കുടിവെള്ള പ്ലാന്റ്, യു വി ആർ.ഒ പ്ലാന്റ്, കിയോസ് കുകൾ, ശൗചാലയങ്ങൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ്, കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ വിശ്രമസ്ഥലം, പൊലീസ് ബങ്കർ, പ്രാഥമികാരോഗ്യകേന്ദ്രം തുടങ്ങിയവ സന്ദർശിച്ചു. വൈകിട്ട് മൂന്ന് മണിയോടെ പമ്പയിലേക്ക് പരിശോധനയ്ക്കായി സമിതി തിരിച്ചു. സന്നിധാനത്ത് ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ സമിതി ഇന്ന് (4) വിലയിരുത്തും. ശബരിമല സ്പെഷ്യൽ കമ്മീഷണർ എം.മനോജ്, കെ.എസ്.ആർ.ടി.സി സി എം.ഡി ടോമിൻ തച്ചങ്കരി, ഇന്റലിജൻസ് ഐജി അശോക് യാദവ്, എ.ഡി.എം പി.ടി ഏബ്രഹാം, ശബരിമല എ.ഡി.എം വി.ആർ പ്രേംകുമാർ, ദുരന്തനിവാരണവിഭാഗം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ്, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ

സംഘത്തെ അനുഗമിച്ചു.

(പി.ആര്‍. ശബരി-214)

<u>ഫോട്ടോ അടിക്കുറിപ്പ്</u>

സന്നിധാനത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തില്‍ മന്ത് രോഗനിര്‍ണയ ത്തിനായി നടന്ന രാത്രികാല രക്തപരിശോധനക്യാമ്പ്

ശബരിമലയില്‍ ഹൈക്കോടതി നിയോഗിച്ചിട്ടുള്ള നിരീക്ഷക സമിതി അംഗങ്ങള്‍ നിലയ്ക്കല്‍ ബേസ് ക്യാമ്പിലെ അടിസ്ഥാന സൗകര്യങ്ങള്‍ പരിശോധിക്കുന്നു


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 03 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-4


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## ഹൈക്കോടതി നിരീക്ഷകസമിതി പമ്പയിൽ സന്ദർശനം നടത്തി

ശബരിമല: ശബരിമല തീർഥാടകർക്ക് പമ്പയിൽ ഏർപ്പെത്തിയിട്ടുള്ള സൗകര്യങ്ങൾ ഹൈക്കോടതി നിയോഗിച്ച നിരീക്ഷണസമിതി നേരിട്ട് വിലയിരുത്തി. ത്രിവേണി, ബസ്സ്റ്റാന്റ്, പോലിസ്സ്റ്റേഷൻ, ടോയ്‌ലറ്റ് ബ്ലോക്കുകൾ, പമ്പാനദീതീരം എന്നിവിടങ്ങളിലാണ് സമതി സന്ദർശനം നടത്തിയത്. ദർശനം കഴിഞ്ഞ് മടങ്ങുന്ന തീർഥാടകർക്കുവേ 1 ഒരു താൽക്കാലിക കാത്തിരിപ്പുകേന്ദ്രം സജ്ജമാക്കാനും ടോയ്‌ലറ്റ് സൗകര്യം കൂടുതൽ മെച്ചപ്പെടുത്താനും സമിതി നിർദേശിച്ചു. സമിതിയംഗങ്ങളായ ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് പി.ആർ. രാമൻ, ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ ജസ്റ്റിസ് സിരിജഗൻ, ഡി.ജി.പി. എ. ഹേമചന്ദ്രൻ എന്നിവരോടൊപ്പം കെ.എസ്.ആർ.ടി.സി. എം.ഡി. ടോവിൻ എ. തച്ചങ്കരി, എ.ഡി.എം. വി.ആർ. പ്രേംകുമാർ, സ്പെഷ്യൽ ഓഫീസർ എസ്.കെ. രമേഷ്കുമാർ, ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ അജിത്കുമാർ, വിവിധവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-215)

# ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(04-12-18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

(പി.ആർ. ശബരി-216)

## ഫോട്ടോ അടിക്കുറിപ്പ്

ഹൈക്കോടതി നിരീക്ഷകസമിതി അംഗങ്ങൾ പമ്പയിൽ സന്ദർശനം നട
ത്തുന്നു

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

**PRD LIVE**
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും **PRD LIVE** ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും **PRD LIVE**
ഡൗൺലോഡ് ചെയ്യാം.